ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസികളുടെ ക്ഷേമത്തിനായി കേന്ദ്രാവിഷ്ക്കൃത പദ്ധതികൾ, കേന്ദ്രസഹായ പദ്ധതികൾ, പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം എന്നീ ഇനങ്ങളിലായി 7592.30 ലക്ഷം രൂപ കേന്ദ്രസഹായമായി ലഭിച്ചിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള കേന്ദ്രസഹായം പ്രധാനമായും ലഭിച്ചിട്ടുള്ളത് വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ സാമ്പത്തിക പ്രവർത്തനങ്ങൾ എന്നീ മേഖലകളിലാണ്. പ്രസ്തുത കേന്ദ്ര സഹായം ചെലവഴിച്ചിട്ടുള്ളത് സംസ്ഥാനതല പദ്ധതികൾക്കും ജില്ലാ പദ്ധതികൾക്കും കൂടിയാണ്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി നൽകിയിട്ടുണ്ട്.†

(സി) തുക ലാപ്സായിട്ടില്ല.

പിന്നോക്കപട്ടിക സമുദായ ക്ഷേമ വകുപ്പിന്റെ ഉദ്യോഗസ്ഥതലത്തിലുള്ള പ്രവർത്തനം

113 [3700] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ പിന്നോക്കപട്ടിക സമുദായ ക്ഷേമ വകുപ്പിന്റെ ഉദ്യോഗസ്ഥതലത്തിലുള്ള പ്രവർത്തനം വിലയിരുത്തുന്നതിന് സർക്കാർ തലത്തിൽ അവലോകനയോഗം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര യോഗങ്ങൾ നടത്തിയിട്ടുണ്ട്. വകുപ്പുതല കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിൽ 18-ഉം പട്ടിക വർഗ്ഗ വികസന വകുപ്പിൽ 12-ഉം യോഗങ്ങൾ നടത്തിയിട്ടുണ്ട്. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.‡

പിന്നോക്കപട്ടിക സമുദായ ക്ഷേമ ഫണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും പിൻവലിച്ച നടപടി

114 [3701] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക പട്ടിക സമുദായക്ഷേമത്തിനുവേണ്ടിയുള്ള പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പിൻവലിച്ചതിനുശേഷം പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

‡അനുബന്ധം VI എ & ബി കാണുക.

LIBRARY ARCHIVES Kerala Legislative Assembly